


# ഫാദർ ജെ. വറുഗീസ്

അടുത്ത സമയത്തു അന്തരിച്ച വന്ദ്യ ജെ. വറുഗീസ് അച്ചനെക്കുറിച്ചുള്ള ഒരു കുറിപ്പാണിത്. പഴയ സെമിനാരിയിൽ ഞങ്ങൾ സഹപാഠികളായിരുന്നു. അവിടെ എന്റെ രണ്ടാം വർഷത്തിലാണു അച്ചൻ പഠനമാരംഭിച്ചത്. അതുവരെ അഞ്ചു വർഷമായിരുന്നു പഠന കാലയളവ്. ബി.ഡി. കോഴ്സ് ആരംഭിച്ചതോടു കൂടി നാലാക്കി ഒരു വർഷം ചുരുക്കി. നാലു വർഷക്കാലം ഞങ്ങൾ ഒരുമിച്ചു സെമിനാരിയിലുണ്ടായിരുന്നു. ആ വേളയിലെ അടുത്തറിവാണ് ഈ അക്ഷരസാക്ഷ്യത്തിന്റെ അടിസ്ഥാന ആധാരം. പിന്നെയും വളരെ ചുരുക്കമായി കണ്ടുമുട്ടിയിട്ടുണ്ട്. ഇരുവരും പട്ടക്കാരായതിനുശേഷം അതു അതീവ വിരളവും. ചുരുക്കത്തിൽ, ഏഴു പതിറ്റാണ്ടു നീണ്ട അച്ചന്റെ ജീവിതകാലത്തെ പരിമിതമായ പരിചയത്തിൽ നിന്നു ഉടലും ഉയിരുമെടുത്തതാണ് ഈ ചെറുവരികളിലെ ഉള്ളടക്കം.

സെമിനാരി പഠനകാലത്ത് അവിടുത്തെ അച്ചടക്കവും ശിക്ഷണവും ആവോളം പാലിച്ചയാളായിരുന്നു അദ്ദേഹം. അനാവശ്യമായ വാക്കുകളോ നടപടികളോ ആ വിദ്യാർത്ഥിയിൽ നിന്നുണ്ടായതായി അറിവില്ല. ആർക്കുംതന്നെ പ്രശ്നമോ പ്രയാസമോ സൃഷ്ടിക്കുന്ന ആളുമായിരുന്നില്ല. പഠനത്തിലും വായനയിലും പലരേക്കാളും ശ്രദ്ധിക്കുകയും ചെയ്തു. അവസാന രണ്ടു വർഷത്തിലേറെ പ്രഥമാദ്ധ്യാപകനായിരുന്നതു ഫാദർ പോൾ വറുഗീസ് (പൗലോസ് മാർ ഗ്രീഗോറിയോസ്) ആയിരുന്നു. ജെ. വറുഗീസിന്റെ ഒരു ഉത്തരക്കടലാസിനെ പ്രശംസിച്ചു അച്ചൻ പറഞ്ഞതു ഇന്നുമോർക്കുന്നു. അതിമാനുഷനായ അച്ചനെപ്പോലെയുള്ള ഒരദ്ധ്യാപകന്റെ അനുമോദനത്തിനർഹനാകുക അത്ര നിസ്സാരമായ കാര്യമായിരുന്നില്ല. അതാണ് അതോർത്തിരിക്കുവാൻ കാരണവും.

അന്നത്തെ ആ വിദ്യാർത്ഥിക്കു ഒത്തിരിയേറെ താലന്തുകളുണ്ടെന്നു പറഞ്ഞാൽ അതു അതിശയോക്തിയാകാം. എങ്കിലും ലഭിച്ച താലന്തുകൾ, ഒത്തിരിയോ, ഇത്തിരിയോ ആകട്ടെ, പൊലിപ്പിച്ചു പെരുപ്പിക്കാൻ പരിശ്രമിച്ചിരുന്നു. അഥവാ, ലഭിച്ചവ കുഴിച്ചുമൂടാതെ മുപ്പതും അറുപതും നൂറും മേനിയായി വർദ്ധിപ്പിച്ചു “ഉത്തമദാസൻ” എന്ന പേരിനന്നു അർഹനായിരുന്നു. പഠിക്കാനും പ്രസംഗിക്കുവാനും പാടാനും പഠിപ്പിക്കുവാനുമുള്ള മിതമായ കഴിവുകൾ കഠിനാദ്ധ്വാനത്തിലൂടെയും കൃപാവരങ്ങളിലൂടെയും ജ്വലിപ്പിച്ചു പെരുപ്പിച്ചു. കുഞ്ഞുങ്ങളുമൊത്തുള്ള കൂട്ടായ്മ, അവർക്കുള്ള ക്ലാസ്സുകൾ ആദിയായവയ്ക്കുള്ള സിദ്ധികൾ അച്ചന്റെ കൂടെപിറപ്പായിരുന്നു. ശിശുക്കളോടൊത്തു ചേരുമ്പോൾ അച്ചൻ ശിശുവായിത്തീരും. നസ്രായഗുരു ശിഷ്യരോടുരചെയ്തു, തിരിഞ്ഞു ശിശുക്കളാകണമെന്ന്. തിരിയാതെ തന്നെ ശിശുവിന്റെ മനസ്സും മനോഭാവവും അന്ന് അച്ചനു ആവശ്യത്തിലേറെയുണ്ടായിരുന്നു. അവരോടിടപെടാനുള്ള കിടപിടിക്കാനാവാത്ത കഴിവുകൊണ്ടായിരിക്കണം ഒരു ശെമ്മാശ്ശനായിരിക്കുമ്പോൾത്തന്നെ, ഒ.വി.ബി.എസിന്റെ പ്രാരംഭകാലത്ത് അതിന്റെ സാരഥിയാകാനും അതിനു സമൃദ്ധമായി നേതൃത്വം നൽകാനും സാധിച്ചത്. സഭയിലും സമൂഹത്തിലും സ്ഥാനങ്ങളൊക്കെ പലരും സൂത്രത്തിലും സ്വാധീനത്തിലും ശബ്ദമുയർത്തിയും ഉന്നതസ്ഥാനികളെ സോപ്പിട്ടും സ്വന്തമാക്കുമ്പോൾ ആ അടവുകൾ കൂടാതെ അർഹതകൊണ്ടു ലഭിച്ചതായിരുന്നു അച്ചന്റെ ഒ.വി.ബി.എസ്. ഡയറക്ടർ സ്ഥാനം.

വായിൽ വെള്ളിക്കരണ്ടിയുമായല്ല വറുഗീസ് ജനിച്ചത്. രണ്ടറ്റവും കഷ്ടിച്ചു കൂട്ടിമുട്ടിക്കുന്ന മദ്ധ്യവർഗ്ഗത്തിൽപ്പെട്ടവരായിരുന്നു അന്നത്തെ വിദ്യാർത്ഥികളിൽ ഏറിയപങ്കും. ഗൾഫും യൂറോപ്പും “സ്റ്റെയിറ്റ്സിന്റെ” സ്റ്റാറ്റസായ പച്ചനോട്ടിന്റെ മെച്ചവും മിച്ചവും സുറിയാനി ക്രിസ്ത്യാനികളുടെ സാമ്പത്തികനില കാര്യ

മായി ഉയർത്താൻ അന്നു തുടങ്ങിയിരുന്നില്ല. എങ്കിലും ഇല്ലായ്മയുടെ വല്ലായ്മകൾ ആരുമറിയാതെ, ആരെയുമറിയിക്കാതെ അന്തസ്സായിട്ടാണു അച്ചൻ അവിടെ കഴിഞ്ഞുകൂടിയത്. ആവശ്യത്തിനുണ്ടെങ്കിലും ഇരക്കുന്നവരുണ്ട്; ആർത്തിയോ അത്യാർത്തിയോ ആയിരിക്കണം അതിനു കാരണം. അത്യാവശ്യങ്ങൾക്കു ബുദ്ധിമുട്ടുണ്ടായാൽ പോലും മുണ്ടുമുറുക്കിയുടുത്തു കുലീനതയുടെ കുബേരതയോടെ കഴിയുന്നവരുമുണ്ട്. എന്തായാലും സാമ്പത്തിക സുഖസൗകര്യങ്ങളുടെ നിറവും തികവും പഠനകാലത്തു അനുഭവിച്ചില്ലെങ്കിലും ആ കാര്യങ്ങളിലും അന്തസ്സ് അച്ചൻ പാലിച്ചിരുന്നു.

വറുഗീസ് ശെമ്മാശ്ശനായത് (യൗവപ്പദ്യക്കനൊ) 1969-ലാണെന്നാണു ഓർമ്മ. കൊല്ലം അരമന ചാപ്പലിൽ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ (പ. മാത്യൂസ് ദ്വിതീയൻ ബാവാ) ആയിരുന്നു കാർമ്മികൻ. ഇത് ഇവിടെ കുറിക്കുവാൻ കാരണം രണ്ടാണ്. ഒന്ന്, 'കൊല്ലം കണ്ടവനു ഇല്ലം വേണ്ടാ' എന്നുള്ള കാലം പണ്ടേ കഴിഞ്ഞെങ്കിലും കോട്ടയത്തുനിന്നു കൊല്ലത്തിനുള്ള അന്നത്തെ ട്രെയിൻയാത്ര ഇന്നത്തെ അതിവിദൂര വിദേശയാത്രയേക്കാൾ മാനവും മഹിമയും ഈയുള്ളവനു മനസ്സിൽ ഒരുക്കിയെന്നതാണ്. അന്നത്തെ സെമിനാരി മല്പാനും എന്നത്തെയും ശുദ്ധമാനസക്കാരിൽ മുമ്പനുമായ വന്ദ്യ റ്റി. ജെ. ഏബ്രഹാം മല്പാനച്ചനും മറ്റു രണ്ടുമൂന്നു സഹപാഠികളുമൊരുമിച്ചുള്ളതായിരുന്നു ആ യാത്ര. സഹപാഠികൾ ആരെന്നുള്ള ഓർമ്മ കാലം കവർന്നെടുത്തതു കാരണം മറന്നുപോയി. കൊല്ലം റെയിൽവേ സ്റ്റേഷനിൽ നിന്നു അധികദൂരമില്ലാത്ത അരമനയിലേക്കു നടന്നാണു പോയത്; ഒപ്പം ആരവാരത്തോടെയും. കുറെയേറെ ചെറുപ്പക്കാർ കൂട്ടംകൂടി കുപ്പായക്കാരായ ഞങ്ങളെ നോക്കി ആർത്തുവിളിച്ചു, "ബനഡിക്ട് അച്ചൻ", അത് ആവർത്തിക്കുകയും ചെയ്തു. മാടത്തരുവി കൊലക്കേസും ബനഡിക്ട് അച്ചനും വാർത്തകളിലും വർത്തമാനങ്ങളിലും മുന്തിയസ്ഥാനം സ്വന്തമാക്കിയിരുന്ന സമയമായിരുന്നത്. ഉച്ചത്തിലുള്ള അട്ടഹാസം കേട്ട് അവരെ നോക്കി മല്പാനച്ചൻ നിഷ്ക്കളങ്ക മനസ്സോടെ കുലുങ്ങിയും കുണുങ്ങിയും വീണ്ടും വീണ്ടും ചിരിച്ചു. നടപ്പിനിടയിലുള്ള നീണ്ട നരച്ച ദീക്ഷക്കാരന്റെ ദാക്ഷണ്യമില്ലാത്ത ചിരി കണ്ട് കുരുത്തംകെട്ട കുട്ടികളുടെ ഉച്ചത്തിലുള്ള ഒച്ച കെട്ടടങ്ങി. ശാന്തരായി അച്ചനൊപ്പം അവരും ആർത്തുചിരിച്ചു. ജെ. വറുഗീസ് അച്ചനെ ഓർത്തപ്പോൾ അതും ഓർമ്മത്തുമ്പിൽ ഓടിയെത്തി. രണ്ടാമത്തെ കാര്യം, ആക്രമിക്കാൻ വരുന്ന ഏതു ക്രൂര"മൃഗ"ത്തെയും വഞ്ചന കലരാത്ത ഒരു പുഞ്ചിരി കൊണ്ടു കീഴടക്കാൻ കഴിയുമെന്നുള്ളതു അന്നു ലഭിച്ച അറിവാണ്. ചിരപുരാതനമായ ചിരി ചിരായുസ്സു സൃഷ്ടിക്കുമെന്നുള്ള വാർത്തകളുടെ പെരുമഴകാലമാണല്ലോ ഇപ്പോൾ.

മൂന്നു വർഷം മുമ്പ് അച്ചനെ കാണുവാനും അല്പനേരം സംസാരിച്ചു സൗഹൃദം പുതുക്കുവാനും സാധിച്ചിരുന്നു. ആരുടെയെങ്കിലും കുറ്റം പറയുന്നത്, പ്രത്യേകിച്ചും അധികാരസ്ഥാനികളുടെ, പഴയസെമിനാരി പരിചയം വച്ചു അച്ചനു പതിവുള്ളതായിരുന്നില്ല. എങ്കിലും ആത്മീയ സ്ഥാനികളിൽ ചിലരിൽ നിന്നു ലഭിച്ച പരുക്കുകളുടെ നൊമ്പരങ്ങളെക്കുറിച്ച്, ഉണങ്ങാത്ത മുറിവുകളെക്കുറിച്ച് കാര്യങ്ങൾ വിശദമാക്കാതെ അച്ചൻ അപ്പോൾ സൂചിപ്പിക്കുകയുണ്ടായി. ഇടയത്വത്തിനു ഇടംകൊടുക്കാതെ യജമാനത്വം പത്തിവിടർത്തുന്നതിലുള്ള പന്തികേടാണു പങ്കുവച്ചത്. അഥവാ, അതുപോലുള്ളവ ഉയിരിൽനിന്നും ഉടലിൽനിന്നുമിറക്കി ആശ്വാസം കണ്ടെത്താനുള്ള ശ്രമമായിരുന്നു അത്. അവയിലെ നേരിന്റെ നിലയെക്കുറിച്ചറിവില്ല. ഒരു വശം മാത്രമാണു ശ്രവിച്ചത്. വ്യക്തിപരമായ കാര്യങ്ങൾ അച്ചൻ സംസാരിക്കുമ്പോൾ അല്പം അതിശയോക്തി കലർന്നിട്ടില്ലേ എന്ന ചിന്ത കേഴ്‌വിക്കാരിൽ ഉദ്ദീപിപ്പിക്കുമായിരുന്നു. എന്തായാലും വൈദികശുശ്രൂഷയിൽ വളരെയേറെ പരിഭവങ്ങളും പരിദേവനങ്ങളും അച്ചനുണ്ടായിരുന്നതായി ആ സംഭാഷണത്തിൽ നിന്നു വിലയിരുത്താം.

പട്ടക്കാരുടെ പെൻഷൻ "പറ്റീരും" അവരെയിട്ടു തട്ടുന്ന സ്ഥലംമാറ്റവുമൊക്കെ മേല്പട്ടക്കാരുടെ പേനത്തുമ്പിലാണല്ലോ ഇപ്പോൾ ഇരിക്കുന്നത്. മാറ്റക്കാർക്കു മാറ്റം ബാധകമല്ല താനും. രണ്ടും ആത്മികശുശ്രൂഷകൾ തന്നെ. വാഴ്ത്താനും പുകഴ്ത്താനും വിദഗ്ദ്ധരല്ലാത്തവരെ വീഴ്ത്താൻ പറ്റിയ വേലയായി മഹാപൗരോഹിത്യം മാറുന്നില്ലേ എന്ന ചോദ്യം അച്ചനുമായുള്ള സംസാരഫലമായി ഉള്ളിൽ ഉടക്കിനിന്നുവെന്നുള്ള സത്യം, സന്തോഷത്തോടെയല്ല, സങ്കടത്തോടെ ഇവിടെ കുറിക്കുന്നു. മലങ്കരസഭയുടെ പാരമ്പര്യത്തിനും പൗരസ്ത്യസഭകളുടെ പ്രമാണങ്ങൾക്കും പാടേ വിരുദ്ധമായി അധികാരമുറപ്പിക്കാൻ പ്രൊട്ടസ്റ്റന്റുകാരിൽ നിന്നു കോപ്പി അടിച്ച് ഈ വക വികലമായ പലതും പകർത്തി ദൈവികശുശ്രൂഷയെ വൈദിക തൊഴിലാളിയാക്കി അധഃപതിപ്പിച്ചതിനു ആരംഭം കുറിച്ചത് കഴിഞ്ഞ നൂറ്റാണ്ടിലായിരുന്നല്ലോ. സെറാമ്പൂർ "സംബന്ധ"ത്തിന്റെ സന്തതികളിലൊന്നാണത്.

അച്ചന്റെ അവിശ്വസനീയമായ അന്ത്യം ആർക്കും ആശ്വാസം പകരുന്നതല്ല. നല്ല മനുഷ്യനായി, നല്ല വൈദികനായി ഞാൻ കരുതിയ അച്ചനെ വിധിക്കാനും, വിധിച്ചു വീണ്ടും വധിക്കുവാനും മുതിരുന്നതു പന്തിയല്ലെന്നു മാത്രമല്ല പാതകമാണ്. അച്ചന്റെ ജീവിതാന്ത്യത്തിൽ നിരാശ്ശയും നൊമ്പരവും അസാധാരണമായ ദുഃഖവും വട്ടമിട്ടു നിന്നിരിക്കാം. ആ ചെരിപ്പുകളിട്ടു യാത്ര ചെയ്യുന്നവർക്കേ അറിയുള്ളു വഴിത്താരയിലുള്ള കല്ലും മുള്ളും കുപ്പിച്ചില്ലുകളുമേൽപ്പിക്കുന്ന ആഴമേറിയ ആഘാതങ്ങൾ. അങ്ങനെ കടന്നുപോകാൻ ഇനിയുമാർക്കും ഇടയാകാതിരിക്കട്ടെ!

**ഫാദർ ജോർജ് കോശി**